**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടി ക്രമം,തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-A(EKM) 1046/24, 1047/24,1048/24 എന്നീ നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിലുള്ള ഡോ.ധന്യനാരായണൻ, ഡോ.ശരണ്യ.പി .എസ് എന്നിവരെ താൽക്കാലികമായി നിയമിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 ഉത്തരവ് നം. ഇ.ബി4-9298/2024/ആ.വ.ഡ തിയതി : 01/8/2024

2 OA(EKM ) 1046/24,1047/24,1048/24 എന്നീ കേസിൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/8/2024, 30/8/2024 എന്നീ തീയതികളിലെ ഉത്തരവ്

**ഉത്തരവ് നം. ഇ.ബി4-18510 /2024/ആ.വ.ഡ തിയതി 12-09-2024**

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 2024 പൊതു സ്ഥലംമാറ്റ ഉത്തരവിൽ;

(i). കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ നിന്നും ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ.സിന്ധു.വി;

(ii). സി.എച്ച്.സി പാപ്പിനിശ്ശേരിയിൽ നിന്നും ഗവ.ട്രൈബൽ ഹോസ്പിറ്റൽ നല്ലൂർനാട് -ലേയ്ക്ക് സ്ഥലം മാറ്റിയ ഡോ.സുചരിത.എം.എം

(iii). പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും ട്രൈബൽ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ കോട്ടത്തറയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ.ഭവിത.എസ്.ദേവൻ; എന്നിവർ ഫയൽ ചെയ്ത OA(EKM) നമ്പർ 1046/24,1047/24,1048/24 എന്നീ കേസിന്മേൽ ടി ജീവനക്കാരെ സ്ഥലം മാറ്റിയ നടപടി പരാമർശം (2) പ്രകാരം ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ stay ചെയ്യുകയും പ്രസ്തുത വിധിയിൽ അപേക്ഷകർ സമർപ്പിച്ചിട്ടുള്ള അപേക്ഷ സർക്കാർ പരിശോധിച്ച് ഒരു മാസത്തിനകം അപേക്ഷകരെ നേരിൽ കേൾക്കുന്നതിനും ആയതിനു ശേഷം അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കാനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദേശിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ മേൽ പറഞ്ഞ മെഡിക്കൽ ഓഫീസർമാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലേക്ക് പരാമർശം (1) പ്രകാരം സ്ഥലം മാറ്റി നിയമിച്ച

1) ഡോ.ധന്യ നാരായണൻ,താലൂക്കാശുപത്രി,പേരാമ്പ്ര,കോഴിക്കോട്

2) ഡോ.ശരണ്യ.പി .എസ് , സി .എച്ച്.സി ,ഇരിവേരി കണ്ണൂർ

3) ഡോ.ദീപ്തി .കെ .പ്രഭാകരൻ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ആലത്തൂർ ,പാലക്കാട്

എന്നിവരെ സർക്കാരിൽ നിന്നും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ അതാത് ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി മെഡിക്കൽ ഓഫീസർമാരെ അവരുടെ സേവനം ആവശ്യമായ സ്ഥാപനത്തിലേക്ക് താത്കാലികമായി നിയോഗിക്കേണ്ടതാണ്. ടി മെഡിക്കൽ ഓഫീസർമാർ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത തീയതി മുതൽ തിരിക ജോലിയിൽ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് കെ.എസ്.ആർ ചട്ടം 12 ഖണ്ഡിക 7 ലെ കുറിപ്പ് 4 ലെ വ്യവസ്ഥകൾ പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് നൽകുന്നതാണ് .

ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് .

Signed by
Reena K J
Date: 12-09-2024 19:45:46

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:
1 അക്കൗണ്ടന്റ് ജനറൽ (എ &ഇ ),തിരുവനന്തപുരം
2 ജില്ലാ മെഡിക്കൽ ഓഫീസർ (ആ),കോഴിക്കോട് /കണ്ണൂർ
3 സ്റ്റോക്ക് ഫയൽ